(ബി) ഇതിനായി എത്രയുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളതെന്നും എന്നത്തേക്ക് ഭരണാനുമതി ലഭ്യമാകുമെന്നും നിലവിലുള്ള ഫയൽ നമ്പർ ഏതാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ.പി. ബ്ലോക്ക് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് ശിപാർശ സമർപ്പിച്ചിട്ടില്ല.

പുളിയഞ്ചേരി ആയുർവ്വേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം

58 (2267) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നടപ്പാക്കാനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള കൊയിലാണ്ടി നഗരസഭയിലെ പുളിയഞ്ചേരി എൻ.ആർ.എച്ച്.എം. ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണ പദ്ധതിയുടെ നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത നർമ്മാണ പദ്ധതിക്ക് എ.എസ്. നൽകുന്നതിന് നിലവിൽ എന്താണ് തടസ്സമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) പുളിയഞ്ചേരി എൻ.ആർ.എച്ച്.എം. താത്കാലിക ആയുർവ്വേദ ഡിസ്പെൻസറിക്ക് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെങ്കിലും താത്കാലിക ഡിസ്പെൻസറികൾക്ക് കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകത സംബന്ധിച്ച് ധനകാര്യവകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ

59 (2268) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് പകർച്ചവ്യാധികൾ ഉണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ അത് സംസ്ഥാനത്തുനിന്നു നിർമ്മാർജ്ജനം ചെയ്ത പകർച്ചവ്യാധികളുടെ തിരിച്ചുവരവിനു കാരണമാകുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; നിർബന്ധിത ആരോഗ്യപരിശോധനയ്ക്ക് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(ബി) അന്യസംസ്ഥാനതൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ പഠിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ ;

ഉത്തരം

(എ) പരിശോധിക്കാൻ സംവിധാനമുണ്ട്.

ജാഗ്രത-സമഗ്ര പകർച്ചപ്പനി പ്രതിരോധ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ പഞ്ചായത്ത്/നഗരകാര്യം/ തൊഴിൽ വകുപ്പുകളുമായി ചേർന്ന് ജൂൺ 28-ന് മെഡിക്കൽ ക്യാമ്പും ബോധവത്കരണവും നടത്തി. 370 മെഡിക്കൽ ടീമുകൾ 1908 വാസസ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. ചികിത്സയ്ക്കും ബോധവത്കരണത്തിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ജൂൺ 28, ജൂലൈ 5,12 തീയതികളിൽ എല്ലാ അന്യദേശ തൊഴിലാളി ക്യാമ്പുകളും സന്ദർശിച്ച് അവരുടെ രക്തപരിശോധനയുൾപ്പെടെയുള്ള പരിശോധനകൾ നടത്താൻ 14 ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡി.എം.ഒ.യുടെ നേതൃത്വത്തിൽ Emigrants Screening Team (EST) രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീമിൽ ഡോക്ടർമാർ, ഫീൽഡ് ജീവനക്കാർ, ലാബ് ടെക്നീഷ്യൻ, സോഷ്യൽ വർക്കർ എന്നിവരെ ഉൾപ്പെടുത്തി ജില്ലയിലെ ലേബർ ക്യാമ്പുകൾ സന്ദർശിക്കുകയും രോഗനിർണ്ണയവും ചികിത്സയും ബോധവത്കരണവും നടത്തുന്നതാണ്. ഇതുവഴി അവരുടെ ആരോഗ്യപ്രശ്നങ്ങൾ കുറെയൊക്കെ മനസ്സിലാക്കാൻ സാധിക്കും.

വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ പ്രയാസങ്ങൾ

60 (2269) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly